# പ്രവർത്തന റിപ്പോർട്ട് (27.9.2016 to 29.11.2016)

**എം.എസ്.റാവുത്തർ അനുസ്മരണം**

സെപ്തംബർ 27 ന് വി.ജെ.റ്റി ഹാളിൽ നടന്നു. അനുസ്മരണ സമ്മേളനം മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. എം.എസ്.റാവുത്തർ ട്രസ്റ്റിന്റെ ഉദ്ഘാടനം മുൻ വൈദ്യുതി മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് നിർവ്വഹിച്ചു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങളുടെ തുടക്കമായി ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചവർക്കുള്ള സാമ്പത്തിക സഹായം 3 അംഗങ്ങൾക്ക് നൽകി. അന്നേ ദിവസം രാവിലെ 10 ന് രക്തദാന ക്യാമ്പ് നടത്തി. കെ.മുരളീധരൻ എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി.

**KEEC App**

ബോർഡ് ഉത്തരവുകളും മറ്റും ഉടൻ ജീവനക്കാരിൽ എത്തിക്കുന്നതിനുവേണ്ടി നമ്മൾ തുടങ്ങിയ KEEC App ന്റെ ഉദ്ഘാടനം മുൻ കേന്ദ്രമന്ത്രി ശ്രീ.ശശി തരൂർ എം.പി ഉദ്ഘാനം ചെയ്തു. ശ്രീ.ശബരീനാഥ് എം.എൽ.എ, ലതികാ സുഭാഷ്, ഡിസിസി പ്രസിഡന്റ് കരകുളം കൃഷ്ണപിള്ള, INTUC സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.ജി.സുബോധൻ തുടങ്ങിയ നേതാക്കൾ സമ്മേളനത്തിൽ പങ്കെടുത്തു. എം.എസ്.റാവുത്തറുടെ പേരിൽ ഒരു സ്മാരക മന്ദിരം നിർമ്മിക്കുവാനുള്ള തീരുമാനത്തെ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ നേതാക്കളും അഭിനന്ദിച്ചു. ബാങ്കിലൂടെ 1 കോടി 80 ലക്ഷം രൂപ സമാഹരിച്ച സംഘടനയെ മുൻ വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് അഭിനന്ദിച്ചു.

**വർക്കിംഗ് ഫണ്ട് വിഹിതം**

ഡിവിഷനിൽ അക്കൗണ്ട് തുടങ്ങിയതും കണക്കുകൾ ശരിയാക്കി ലിസ്റ്റ് തന്നിട്ടുള്ളതുമായി കമ്മിറ്റികൾക്ക് വിഹിതം നൽകി. കണ്ണൂർ ഡിവിഷൻ അവർക്ക് ലഭിച്ച വിഹിതം സംസ്ഥാന കമ്മിറ്റിക്ക് തിരികെ നൽകി. വൈദ്യുതിഭവൻ, ചേർത്തല, വൈക്കം, തൃപ്പൂണ്ണിത്തുറ, മൂവാറ്റുപുഴ, തലശ്ശേരി, ആലത്തൂർ, എന്നി ഡിവിഷനുകൾക്ക് യഥാക്രമം 85800, 71950, 113900, 23700, 16950, 13100, 55500 രൂപ യഥാക്രമം നൽകി.

**ട്രേഡ് യൂണിയൻ വെരിഫിക്കേഷൻ**

എല്ലാ രേഖകളും സമർപ്പിച്ചു. Spot വെരിഫിക്കേഷന് എല്ലാ ജില്ലാകമ്മിറ്റികളും സഹകരിക്കണം.

**എം.എസ്. റാവുത്തർ സ്മാരക മന്ദിരം**

യൂണിയനാഫീസിനടുത്തുള്ള സ്ഥലം വാങ്ങുവാൻ സ്റ്റേറ്റ് കൗൺസിൽ ഐക്യകണ്ഠേന തീരുമാനിച്ചു.

**ഹൈക്കോടതി കേസ്**

റഫറത്തോടനുബന്ധിച്ച് എതിർവിഭാഗം ഹൈക്കോടതിയിൽ നൽകിയ പെറ്റീഷൻ കോടതി ഡിസ്മിസ് ചെയ്തു. അവർക്ക് പ്രൊവിഷണലായി KEEC യുടെ പേര് മത്സരിക്കാൻ വേണമെന്നുള്ള വാദമാണ് ബഹു.കോടതി തള്ളിയത്. ഇതു സംബന്ധിച്ച് വിധിപകർപ്പ് കിട്ടിയാലുടൻ ലേബർ കമ്മീഷണറുമായി ബന്ധപ്പെട്ട് അംഗീകാര ഉത്തരവിലുള്ള പരാമർശം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സസ്പെൻഷൻ**

തിരുവനന്തപുരം ജില്ലാ സെക്രട്ടറി പ്രതീപിനേയും ജില്ലാ വർക്കിംഗ് പ്രസിഡന്റ് അജിത്തിനേയും സസ്പെന്റ് ചെയ്തതിൽ പ്രതിഷേധിച്ച് വൈദ്യുതി ഭവന് മുന്നിൽ ധർണ്ണ നടത്തി. ധർണ്ണ പ്രസിഡന്റ് കെ.പി.ധനപാലൻ ഉദ്ഘാടനം ചെയ്തു. എം.വിൻസെന്റ് എം.എൽ.എ, ഡീൻ കുര്യാക്കോസ്, അഡ്വ.സുബോധൻ, ചാല നാസർ തുടങ്ങിയവർ സംസാരിച്ചു. ജില്ലാ വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ ധർണ്ണയെ അഭിസംബോധന ചെയ്തു.

തിരുവനന്തപുരം ജില്ലാ ഇലക്ട്രിസിറ്റി എംപ്ലോയീസ് സഹകരണ സംഘത്തിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ നമ്മുടെ സ്ഥാനാർത്ഥികൾ 1100 ൽ കൂടുതൽ വോട്ട് പിടിച്ച് സംഘടനാ ശക്തി തെളിയിച്ചു.

**അജണ്ട**

1. ട്രേഡ് യൂണിയൻ വെരിഫിക്കേഷൻ
2. റെഗുലേറ്ററി കമ്മീഷൻ തീരുമാനം - നടപടികൾ
3. ഡയറി 2017

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി

30.11.2016